**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5710** **08-07-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ അവയവമാറ്റ ശസ്ത്രക്രിയകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതെന്നും ഏതൊക്കെ അവയവം മാറ്റി വയ്ക്കുന്ന ശസ്ത്രക്രിയകളാണ് ഓരോ ആശുപത്രിയിലും നടത്തുന്നതെന്നും വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സൗകര്യം ലഭ്യമാണ്. തിരുവനന്തപുരം, കോട്ടയം സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റ ശസ്ത്രക്രിയ, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നിവയ്ക്കുള്ള സൗകര്യം ലഭ്യമാണ്. ശ്വാസകോശം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ലഭ്യമാണ്.<br><br>കൂടാതെ തിരുവനന്തപുരം (റീജണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി), ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജുകളിൽ കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുമുള്ള സൗകര്യം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ